**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 215** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമുള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമുള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ് വർഷം തോറും പരിശോധിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** എല്ലാ മെഡിക്കൽ കോളേജുകളിലും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ പ്രത്യേക യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതലയുള്ള ഇടങ്ങളിൽ LSGD എഞ്ചിനീയറിംഗ് വിഭാഗവും വർഷം തോറും ഫിറ്റ്നസ് പരിശോധന നടത്തുന്നുണ്ട്.

**(ബി)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമുള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ആണോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു

**(സി)** അല്ലെങ്കിൽ മറ്റേത് ഏജൻസിയെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു

**(ഡി)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമുള്ള കെട്ടിടങ്ങളിൽ നിലവിൽ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളുടെ വിവരം ജില്ലയും ആശുപത്രിയും തിരിച്ച് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** അനുബന്ധമായി ചേർക്കുന്നു

**(ഇ)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും നിലവിൽ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ ആശുപത്രികളിലെ ഏതെങ്കിലും വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പ്രവർത്തിക്കുന്നില്ല

**(എഫ്)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമുള്ള കെട്ടിടങ്ങളിൽ 2016 മുതൽ നാളിതുവരേക്കും പൂർണ്ണമായോ ഭാഗികമായോ തകർന്ന കെട്ടിടങ്ങളുടെ വിവരം ലഭ്യമാക്കാമോ;

**മറുപടി:** 2025 ജൂലൈ 3 ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ EFG ബ്ലോക്കിലെ 10,11,14 വാർഡുകളുടെ സമീപത്തുള്ള ടോയ്‌ലെറ്റ് കോംപ്ലക്സ് തകർന്ന് വീഴുകയുണ്ടായി. ഉപയോഗത്തിലായിരുന്ന ടോയ്‌ലറ്റ് ബ്ലോക്ക് 2012 ൽ നിർമ്മിക്കുകയും 2013 ൽ തുറന്നു കൊടുക്കുകയും ചെയ്തതാണെന്നാണ് ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ ഉള്ളത്. തലയോലപ്പറമ്പ് സ്വദേശി ശ്രീമതി. ഡി. ബിന്ദു ഈ സംഭവത്തിൽ മരണപ്പെടുകയും, വയനാട് മീനങ്ങാടി സ്വദേശി അലീന വിൻസന്റിന് പരിക്കേൽക്കുകയും ചെയ്തു.

**(ജി)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമുള്ള കെട്ടിടങ്ങളിൽ 2016 മുതൽ നാളിതുവരേക്കും പൂർണ്ണമായോ ഭാഗികമായോ തകർന്ന സംഭവങ്ങളിൽ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും വിവരം ലഭ്യമാക്കാമോ?

**മറുപടി:** ഉത്തരം (എഫ്) പിരിവിൽ ചേർത്തിരിക്കുന്നു

**സെക്ഷൻ ഓഫീസർ**